(ബി) ഇവർക്ക് നൽകുന്ന പെൻഷൻ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് വന്നിട്ടുള്ളതെന്നും എത്ര രൂപയാണെന്നും വിശദമാക്കാമോ ;

(സി) ഈ കുടിശ്ശിക എന്ന് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നവർ 44500 പേരും, അനുബന്ധത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ 5885 പേരും വിധവാ പെൻഷൻ ലഭിക്കുന്നവർ 8865 പേരും ഉൾപ്പെടെ മൊത്തം 59250 പേർക്ക് പെൻഷൻ ലഭിക്കുന്നു.

(ബി) ഉണ്ട്. മത്സ്യബോർഡ് മുഖേന നൽകിവരുന്ന പ്രതിമാസ പെൻഷൻ 600 രൂപ വീതം 2015 ജനുവരി മുതൽ 2015 മേയ് മാസം ഉൾപ്പെടെ 5 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. 2015 ജനുവരി മുതൽ മേയ് മാസം വരെയുള്ള പെൻഷൻ വിതരണത്തിന് 18.97 കോടി രൂപ ആവശ്യമാണ്.

(സി) 2015 ജനുവരി മുതൽ ഏപ്രിൽ വരെയുള്ള പെൻഷൻ വിതരണത്തിന് ഇനി അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

മത്സ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക

158 (162) ശ്രീ. എസ്. ശർമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി പെൻഷൻ ബാങ്ക് മുഖാന്തിരം വിതരണം ചെയ്യാനാരംഭിച്ചതിനുശേഷം മത്സ്യ ബോർഡിന്റെ ചെറായി, ഞാറക്കൽ, എറണാകുളം എന്നീ ഓഫീസുകളുടെ പരിധിയിൽപ്പെട്ട പെൻഷൻകാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിൽ നിലവിൽ കുടിശ്ശിക ഉണ്ടോ ; എങ്കിൽ എത്ര പെൻഷൻകാർക്കാണ് ഇത്തരത്തിൽ കുടിശ്ശിക ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവർക്ക് യഥാസമയം പെൻഷൻ വിതരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പെൻഷൻകാരുടെ പേരും മേൽവിലാസവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി പെൻഷൻ ബാങ്ക് മുഖേന വിതരണം ചെയ്യാനാരംഭിച്ചത് മുതൽ ചെറായി, ഞാറയ്ക്കൽ, എറണാകുളം എന്നീ ഫിഷറീസ് ഓഫീസിന്റെ പരിധിയിൽ മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നവർ 2402-ഉം, അനുബന്ധത്തൊഴിലാളി പെൻഷൻ ലഭിക്കുന്നവർ 588-ഉം മരണപ്പെട്ട മത്സ്യ തൊഴിലാളി ഭാര്യമാർക്കുള്ള പെൻഷൻ (വിധവാ പെൻഷൻ) ലഭിക്കുന്നവർ 372-ഉം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൂടി മൊത്തം 3362 പേർക്ക് ബാങ്ക് മുഖേന പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. 2015 ജനുവരി മുതൽ മേയ് മാസം ഉൾപ്പെടെ 5 മാസത്തെ പെൻഷൻ ആണ് കുടിശ്ശികയായിട്ടുള്ളത്. ബാങ്ക് മുഖേന വിതരണം നടത്തുമ്പോൾ അക്കൗണ്ട് നമ്പറിലും, ഐ.എഫ്.സി. കോഡിലും വരുന്നവ്യത്യാസം കാരണവും, ബാങ്ക് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതുമൂലവും, ഞാറയ്ക്കൽ, ചെറായി, എറണാകുളം എന്നീ ഫിഷറീസ് ഓഫീസർമാരുടെ പരിധിയിൽ 17 പേർക്ക് പെൻഷൻ ലഭിക്കാതെ വന്നിട്ടുണ്ട്. ഇങ്ങനെയുള്ള പെൻഷണർമാർ രേഖാമൂലം പരാതി സമർപ്പിക്കുന്ന മുറയ്ക്ക് ടി പരാതി പരിഹരിച്ച് പെൻഷൻ നൽകിവരുന്നുണ്ട്.

(ബി) പെൻഷൻ ലഭിക്കുന്നതിനായി ബാങ്ക് അക്കൗണ്ടുകൾ സമർപ്പിച്ചിട്ടുള്ളവർക്ക് പ്രസ്തുത അക്കൗണ്ടിൽ പെൻഷൻ ലഭിച്ചിട്ടില്ലെന്ന പരാതി സമർപ്പിക്കുന്നവർക്ക് അവരുടെ അക്കൗണ്ട് നമ്പറിലെ അപാകത പരിഹരിച്ച് പെൻഷൻ ബാങ്ക് മുഖേന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഞാറയ്ക്കൽ, ചെറായി, എറണാകുളം എന്നീ ഫിഷറീസ് ഓഫീസുകളുടെ പരിധിയിൽവരുന്ന പെൻഷണർമാരിൽ പെൻഷൻ ലഭിക്കാതെ വന്നിട്ടുള്ളവരുടെ മേൽവിലാസം അനുബന്ധമായി ചേർക്കുന്നു.

മത്സ്യബന്ധനത്തിനിടെ മരണം സംഭവിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള സാമ്പത്തിക സഹായം

159 (163) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിനിടെ മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നിലവിൽ സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ ; എങ്കിൽ ധനസഹായം ലഭിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) മത്സ്യബന്ധനത്തിനിടെ മരണപ്പെട്ട കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിലെ മേപ്പറമ്പത്ത് ദേവദാസൻ എന്നയാളുടെ കുടുംബത്തിന്റെ ധനസഹായത്തിനായുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ, സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടംമൂലം മരണമടയുന്ന മത്സ്യ തൊഴിലാളിയുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ ഇൻഷ്വറൻസ് ധനസഹായം നൽകുന്നു. കൂടാതെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ 2 മക്കൾക്ക് വിദ്യാഭ്യാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.